**ശ്രദ്ധക്ഷണിക്കൽ**

(1) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൈമാറിയ സർക്കാർ വക ഭൂമി

ശ്രീ. സി. ദിവാകരൻ: സർ, ഈ ഗവൺമെന്റിന്റെ ഭാവനാപൂർണ്ണമായ പദ്ധതിയും വാഗ്ദാനങ്ങളുമാണ് കേരളത്തിലെ ഭൂരഹിതരായിട്ടുള്ള എല്ലാവർക്കും ഭൂമി നൽകണമെന്നുള്ള വാഗ്ദാനം, ഭവനരഹിതരായവർക്ക് ഭവനം നൽകൽ. ഈ രണ്ട് വാഗ്ദാനങ്ങളും കേരളത്തിലെ സാധാരണ ജനങ്ങളുടെ ഏറ്റവും വലിയ ദീർഘകാല സ്വപ്നങ്ങളാണ്. പക്ഷേ ഇപ്പോൾ ഗവൺമെന്റ് നേരിടുന്ന പ്രശ്നം ഇവർക്ക് നൽകാനുള്ള ഭൂമി ലാൻഡ് ബാങ്കിലില്ല എന്നതാണ്. അതേസമയം കേരളത്തിന്റെ വലിയ ഒരു പ്രദേശം പലപല ജില്ലകളിലായി കേന്ദ്ര ഗവൺമെന്റിന്റെ ചില സ്ഥാപനങ്ങൾ കൈയ്യടക്കി വച്ചിരിക്കുകയാണ്. ആ ഗുരുതരമായ പ്രശ്നമാണ് സഭയുടെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവരുന്നത്. സംസ്ഥാന സർക്കാരിന്റെ ഏക്കർ കണക്കിന് സ്ഥലം വിവിധ കാലഘട്ടങ്ങളിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്കായി സൗജന്യമായി വിട്ടുകൊടുക്കുന്നു. സംസ്ഥാന സർക്കാരിന് പൂർണ്ണ അവകാശമുള്ള സ്ഥലമടക്കം സ്വകാര്യ വ്യക്തികൾക്കും കമ്പനികൾക്കും വിൽപ്പന നടത്തുന്ന നടപടികളാണ് ഇപ്പോൾ നടക്കുന്നത്. തിരുവനന്തപുരത്തെ ഹിന്ദുസ്ഥാൻ ലാറ്റക്സ്, കോട്ടയം വെള്ളൂർ

ന്യൂസ് പ്രിന്റ് ഫാക്ടറി, പാലക്കാട് കഞ്ചിക്കോട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം, പാലക്കാട് ഭാരത് എർത്ത് മൂവേഴ്സ് തുടങ്ങിയവയെല്ലാം സംസ്ഥാന സർക്കാരിന് കൈമാറിയാൽ കാര്യക്ഷമമായി പ്രവർത്തിപ്പിക്കാമെന്ന് കേരള സർക്കാർ അറിയിച്ചിട്ടും അനുകൂലമായ നടപടികൾ സ്വീകരിച്ചിട്ടില്ല; സംസ്ഥാനത്തിന്റെ ഭൂമിപോലും കവർന്നെടുക്കുകയാണ്. തിരുവനന്തപുരം ചാക്കയിലെ കെൽടെക്, നഗരത്തിൽതന്നെ 26 ഏക്കർ സ്ഥലം കേന്ദ്രത്തിന് വിട്ടുകൊടുത്തു. പാലക്കാട് കഞ്ചിക്കോട് കോച്ച് ഫാക്ടറി തുടങ്ങാൻ 450 ഏക്കർ ഭൂമി വിട്ടുകൊടുത്തു. എഫ്.എ.സി.ടി., കൊച്ചിൻ പോർട്ട്, കൊച്ചിൻ കപ്പൽ നിർമ്മാണശാല, എച്ച്.എൽ.എൽ. എന്നീ സ്ഥാപനങ്ങൾ കൈവശപ്പെടുത്തിയ ഭൂമിയുടെ വില ഏകദേശം 25,000 കോടി രൂപയിലധികമാണ്. ഈ സാഹചര്യത്തിൽ, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൈമാറിയ സംസ്ഥാനത്തിന്റെ ഭൂമി അടിയന്തരമായി സർവ്വേ നടത്തണം. അതിനാവശ്യമായ നടപടി സ്വീകരിക്കണം. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശം ഉപയോഗിക്കാതെ കിടക്കുന്ന ഏക്കർ കണക്കിന് സ്ഥലം തിരിച്ചെടുക്കണം. അതിനാവശ്യമായ പഠനം നടത്തണം. അതിനൊരു പ്രത്യേക

കമ്മീഷനെത്തന്നെ നിയോഗിക്കേണ്ടിവരും. ഇതുകൂടാതെ എൻ.റ്റി.സി. മില്ലുകൾ കയ്യടക്കി വച്ചിരിക്കുന്ന സ്ഥലമുണ്ട്. തൃശ്ശൂർ അഴകപ്പ നഗർ, കൊല്ലം പാർവ്വതി മിൽ, തിരുവനന്തപുരം വിജയമോഹിനി മിൽ; ഇതുമാത്രമല്ല, നമ്മൾ രാജ്യത്തിന്റെ രക്ഷയ്ക്കുവേണ്ടി നേവൽ ബേസിന് ഇഷ്ടംപോലെ സ്ഥലം കൊടുത്തു. മിലിട്ടറി ഗ്യാരേജിന് സ്ഥലം കൊടുത്തു. ആ സ്ഥലം തിരിച്ചു പിടിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നില്ല. പക്ഷേ വെള്ളൂർ ന്യൂസ് പ്രിന്റ് കോട്ടയത്തുമാത്രമല്ല, ഇടുക്കിയിൽ പീരുമേട് പഞ്ചായത്തിൽ ഏക്കറുകണക്കിന് ഭൂമി അവരുടെ കൈവശമുണ്ട്. അതിൽ യൂക്കാലിപ്റ്റസ് കൃഷി ചെയ്യാൻ വേണ്ടി കൊടുത്തതാണ്. അതിപ്പോൾ തരിശ് ഭൂമിയായി കിടക്കുകയാണ്. കേരളത്തിന്റെ പകുതിയിലേറെ സ്ഥലം ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് പൊതുമേഖലാ സ്ഥാപനങ്ങളുടെ പേരിൽ കയ്യടക്കിവച്ചിരിക്കുകയാണ്. കോവളം ആവർത്തിക്കാൻ പോകുകയാണ്. ഇതുപോലെയാണ് കോവളത്ത് ഐ.റ്റി.ഡി.സി. തുടങ്ങാൻ സ്ഥലം കൊടുത്തത്. ഇന്ന് പൂർണ്ണമായും സ്ഥലവും നഷ്ടപ്പെട്ടു, എല്ലാം നഷ്ടപ്പെട്ടു. അത് സ്വകാര്യ വ്യക്തികളുടെ കയ്യിലായി. കേരളം അന്യമായിത്തീരുകയാണ്. പരശുരാമൻ സൃഷ്ടിച്ച കേരളമാണെന്ന് പറയുന്നു. കേരളമുണ്ടാകണമെങ്കിൽ ഇനിയൊരു പരശുരാമൻ വന്ന്

സൃഷ്ടിക്കേണ്ടിവരും. കേരളമെല്ലാം കേന്ദ്ര ഗവൺമെന്റ് അനാവശ്യമായി കൈവശം വച്ചിരിക്കുകയാണ്; സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുകയാണ്; സ്ഥാപനങ്ങൾ പൂട്ടുകയാണ്; തൊഴിലാളികളെ പിരിച്ചുവിടുകയാണ്; സ്ഥലം വിൽക്കുകയാണ്; ഇതിന് കേരള ഗവൺമെന്റ് ധീരമായ നടപടികളെടുക്കണം. ഇത് സംബന്ധിച്ച് സർവ്വേ നടത്തണം. എത്ര ഏക്കർ സ്ഥലം ഇങ്ങനെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുണ്ട്; എന്താണ് അതിന്റെ ഉപയോഗം; അത് യൂട്ടിലൈസ് ചെയ്യുന്നുണ്ടോ; ഇല്ലെങ്കിൽ അത് തിരിച്ചെടുക്കാനുള്ള നിയമം റവന്യൂ വകുപ്പിലുണ്ടോ; ഉണ്ടെങ്കിൽ അതുപയോഗിക്കണമെന്നാണ് ഈ ശ്രദ്ധ ക്ഷണിക്കൽ പ്രമേയത്തിലൂടെ ഞാൻ ഈ സഭയുടെ മുമ്പാകെ ആവശ്യപ്പെടുന്നത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാന്യനായ സി. ദിവാകരൻ ഉന്നയിച്ച ശ്രദ്ധക്ഷണിക്കലിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പേരിൽ താഴെക്കാണിക്കുന്ന മറുപടിയാണ് ഞാൻ സമർപ്പിക്കുന്നത്.

കേരളത്തിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടാനും സ്വകാര്യവൽക്കരിക്കാനുമുള്ള ശ്രമങ്ങൾക്കെതിരെ കേരളത്തിന്റെ ആശങ്ക

പലതവണ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കൽ നടപടികളിൽനിന്നും പിന്മാറണമെന്നാവശ്യപ്പെട്ട് നിരവധി കത്തുകൾ കേന്ദ്രത്തിന് അയച്ചിട്ടുണ്ട്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് പോലെയുള്ള സ്ഥാപനങ്ങൾ വിറ്റഴിക്കരുതെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കിയിട്ടുണ്ട്. കൂടാതെ ഇതിന്മേൽ സർവ്വകക്ഷിയോഗം വിളിച്ചുചേർത്തും വിഷയം ചർച്ച ചെയ്തിട്ടുണ്ട്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് പൊതുമേഖലയിൽത്തന്നെ നിലനിർത്തുന്നതിനുള്ള ശ്രമങ്ങൾ ശക്തമായി തുടർന്നുവരികയാണ്. കേന്ദ്ര സർക്കാർ സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ച ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റിനെ സംസ്ഥാന സർക്കാർ ഏറ്റെടുക്കാൻ തീരുമാനിച്ചിരുന്നു. എന്നാൽ കമ്പനി സ്ഥാപിക്കുന്നതിനായി സംസ്ഥാനം നേരത്തെ സൗജന്യമായി നൽകിയ 123 ഏക്കർ സ്ഥലത്തിന്റെ വിലകൂടി കേന്ദ്രത്തിന് നൽകണമെന്ന കേന്ദ്ര സർക്കാരിന്റെ ആവശ്യം സ്ഥലം ഏറ്റെടുക്കൽ നടപടികളെ മന്ദഗതിയിലാക്കിയിട്ടുണ്ട്. സംസ്ഥാനം സൗജന്യമായി നൽകിയ ഭൂമിയാണ്, കേന്ദ്രത്തിന്റെ ഭൂമിയല്ല. പക്ഷേ കേന്ദ്രത്തിന് നമ്മൾ പണം കൊടുക്കണമെന്ന

വിചിത്രമായ വാദമാണ് ഉന്നയിച്ചിരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ ഈ വിദണ്ഡവാദം കാരണമാണ് സ്ഥലം ഏറ്റെടുക്കൽ നടപടി മന്ദീഭവിച്ചത്. Kerala Electrical & Allied Engineering Company -യും Bharat Heavy Electricals Limited (BHEL)-മായി ചേർന്നുള്ള സംയുക്ത സംരംഭമായ BHEL-Electrical Machines Ltd-ന്റെ ഓഹരികൾ വിറ്റഴിക്കാനും കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചപ്പോൾ ആ സ്ഥാപനം ഏറ്റെടുക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചു. തിരുവിതാംകൂർ മഹാരാജാവിന്റെ കാലത്ത് കൈമാറിയ 258.06 ഏക്കർ ഭൂമിയും സംസ്ഥാന സർക്കാർ കൈമാറിയ 8.29 ഏക്കർ ഭൂമിയും ഉൾപ്പെടെ സർക്കാർ ഏറ്റെടുത്ത് നൽകിയ 32.5 ഏക്കർ ഭൂമിയുമടക്കം ആകെ 635 ഏക്കർ സ്ഥലത്താണ് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം നിർമ്മിച്ചിട്ടുള്ളത്. മേൽപ്പറഞ്ഞ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സംസ്ഥാന സർക്കാർ ശക്തമായി സ്വീകരിച്ചുവരികയാണ്. ആ നിലയിൽത്തന്നെ ഊർജ്ജിതമായി മുന്നോട്ട് പോകാനാണ് തീരുമാനം. ഇതിന്റെ തുടക്കമായി സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമി സംസ്ഥാന സർക്കാർ സൗജന്യമായോ വ്യവസ്ഥകൾക്ക് വിധേയമായോ നൽകിയതിന്റെ

വിശദാംശങ്ങൾ തയ്യാറാക്കാനും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശം ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി തിരിച്ചെടുക്കാനുള്ള സാധ്യത പരിഗണിക്കാൻ ഈ വർഷം ജൂലൈ 29-ാം തീയതിയിലെ ഉത്തരവുപ്രകാരം ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ച് പ്രവർത്തിച്ചുവരിയാണ്. ഭൂമി ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ സ്വകാര്യ വ്യക്തികൾക്ക് കൈമാറാനുള്ള നീക്കങ്ങൾക്കെതിരെ ശക്തമായ നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ വന്നുചേർന്ന തടസ്സങ്ങൾ പരിഹരിക്കാനും ഇടപെടുകയാണ്. ഇക്കാര്യത്തിൽ സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിക്കാനുള്ള നടപടികളുമായി സംസ്ഥാന സർക്കാർ മുന്നോട്ട് പോവുകയാണെന്ന് ബഹുമാനപ്പെട്ട സി. ദിവാകരനെയും സഭയെയും അറിയിക്കുകയാണ്.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ഗവൺമെന്റ് എടുത്തിരിക്കുന്ന നടപടികളെല്ലാം മാതൃകാപരമാണ്. പക്ഷേ, നമ്മൾ ഏറ്റെടുത്ത് നടത്താമെന്ന് പറഞ്ഞ പാലക്കാടുള്ള ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് പ്രവർത്തിക്കുന്നത് കേരള സർക്കാർ സൗജന്യമായി കൊടുത്ത ഭൂമിയിലാണ്. ആ ഭൂമിക്ക് കേന്ദ്ര ഗവൺമെന്റിന് അങ്ങോട്ട് വില കൊടുക്കണമെന്നാണ് പറയുന്നത്. ഇതാണ്

കേന്ദ്ര ഗവൺമെന്റിന്റെ നടപടിക്രമം. ഇതിന് സമയബന്ധിതമായി തീരുമാനങ്ങളെടുക്കണം. ഇത് ക്യാബിനറ്റിൽ മുഖ്യമായ പ്രശ്നമായി ചർച്ച ചെയ്യണം. ഇത് കേരളത്തിന്റെ പൊതുവായ ഒരു വികാരമാണ്. ഇനി നോക്കിക്കൊണ്ടിരുന്നിട്ട് കാര്യമില്ല. എല്ലാം വിറ്റുകൊണ്ടിരിക്കുകയാണ്. കുറച്ചുകൂടി കഴിയുമ്പോൾ അങ്ങോട്ട് പണം കൊടുക്കാൻ പറഞ്ഞാൽ നമ്മുടെ കയ്യിൽ പണവുമില്ല. നമുക്ക് ഭൂമിയില്ല, വ്യവസായ സ്ഥാപനങ്ങളില്ല, തൊഴിലവസരങ്ങളില്ല, ഭൂ രഹിതരായ ആളുകൾക്ക് കൊടുക്കാനും നിവൃത്തിയില്ലാത്ത ധർമ്മസങ്കടത്തിലാണ്. അതുകൊണ്ട് ഗവൺമെന്റ്, ക്യാബിനറ്റ് തീരുമാനിച്ച് ശക്തമായ നിലപാട് സ്വീകരിക്കണമെന്നാണ് എന്റെ അഭിപ്രായം.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ക്യാബിനറ്റും നിയമസഭയും അടക്കം തീരുമാനിച്ചുള്ള അതിശക്തമായ നിലപാടാണ് സ്വീകരിച്ചുവരുന്നത്. പക്ഷേ കഴിഞ്ഞ കാൽനൂറ്റാണ്ട് കാലമായി മാറിമാറി വന്ന കേന്ദ്ര ഗവൺമെന്റുകൾ സ്വീകരിച്ചിട്ടുള്ള നയം അറിയാമല്ലോ? ഉദാരവൽക്കരണവും സ്വകാര്യവൽക്കരണവുമൊക്കെയാണ്, അതിന്റെ ഭാഗമായിട്ടുള്ളതാണ്. അത് ഈ സഭയിൽത്തന്നെ ചർച്ച ചെയ്യുകയും ജനങ്ങൾക്ക് അറിയാവുന്നതുമാണ്.

ബ്രിട്ടീഷുകാരുടെ കാലംമുതൽ ദേശീയപാത നിർമ്മിക്കുന്നത് കേന്ദ്ര ഗവൺമെന്റല്ലേ? ഇപ്പോൾ സംസ്ഥാന സർക്കാരിനോട് 50 ശതമാനം ചോദിച്ചില്ലേ? അവസാനം നെഗോഷ്യേറ്റ് ചെയ്ത് 25 ശതമാനമാക്കി 6,000 കോടി രൂപ അടയ്ക്കാൻ തീരുമാനിച്ചില്ലേ? ആദ്യത്തെ ടെണ്ടർ കാസർഗോഡും കണ്ണൂരുമായി മൂന്ന് റീച്ചാണ്. അതിന് 25 ശതമാനം (300 കോടി രൂപ) നമ്മൾ അടച്ചിട്ടിരിക്കുകയാണ്. എന്നിട്ടും ടെണ്ടർ ചെയ്ത്, പിന്നേയും പിന്നേയും തുറക്കാതെ നീട്ടിക്കൊണ്ടുപോകുകയാണെന്ന് ഞാൻ സഭയിൽ ഇന്നലെയും പറഞ്ഞിരുന്നു. മൂന്ന് വർഷം നമ്മളോട് ഇങ്ങനെ പറഞ്ഞുകൊണ്ടിരുന്നു. അവസാനം മുഖ്യമന്ത്രി ഇടപെട്ട്, അത് ഒപ്പിട്ടു. ഈ മാസം 11-ാം തീയതി തുറക്കേണ്ട ബിഡ്ഡുകൾ ഡിസംബർ 11-ലേയ്ക്ക് മാറ്റുകയാണ്. രണ്ടാമത് സെമി ഹൈ സ്പീഡ് റെയിൽവേയ്ക്ക് 66,000 കോടി രൂപ. റെയിൽവേ introduce ചെയ്തുതന്നെ ബ്രിട്ടീഷുകാരാണ്. സ്വദേശീയരോട് ഒരു പൈസയും വാങ്ങിയിട്ടില്ല. ഇപ്പോൾ നേരെ പകുതി 33,000 കോടി രൂപ കൊടുക്കണം അല്ലെങ്കിൽ തരില്ല. കൊടുക്കാമെന്ന് സമ്മതിച്ചിരിക്കുകയാണ്. ഒരുഭാഗത്ത് ഇതെല്ലാം ചെയ്യുമ്പോൾത്തന്നെ നമ്മുടെ ഗവൺമെന്റും നിയമസഭയും പൊതുരാഷ്ട്രീയ പ്രസ്ഥാനങ്ങളും ശക്തമായ നിലപാടുകളുമായി ഇനിയും മുന്നോട്ട്

പോകണം. ഇതിൽനിന്നും കേന്ദ്ര സർക്കാരിനെ പിന്തിരിപ്പിക്കണം, ഇല്ലെങ്കിൽ ജനങ്ങൾ അവരെ തള്ളിക്കളയുന്ന ഒരു കാലം വരും. അങ്ങനെ ഓരോരുത്തർക്കും വന്നിട്ടുണ്ടല്ലോ. അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നമ്മൾ നടത്തണം.

(2) അങ്കണവാടികളിലെ കുട്ടികളുടെ കുറവ്

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ആരോഗ്യമുള്ള ജനവിഭാഗമാണ് ഒരു രാഷ്ട്രത്തിന്റെ മുതൽക്കൂട്ടെന്ന ആശയം മനസ്സിലാക്കികൊണ്ടാണ് 1975-ൽ ഐ.സി.ഡി.എസ്. സ്കീം/സംയോജിത ശിശുവികസന സേവന പദ്ധതി തുടങ്ങിയത്. ജനനം മുതൽ ആറുവയസ്സുവരെ പ്രായമുള്ള കുട്ടികളുടെ സർവ്വോന്മുഖമായ വികസനത്തിനുള്ള അടിത്തറയാണ് അങ്കണവാടികളിലൂടെ ലഭിക്കുന്നത്. കേരളത്തിൽ 258 പ്രോജക്ടുകളിലായി എകദേശം 33,000 അങ്കണവാടികൾ എല്ലാ പഞ്ചായത്തുകളിലുമായുണ്ട്. അവയിൽ ഭൂരിഭാഗവും സ്വന്തം കെട്ടിടത്തിൽത്തന്നെ പ്രവർത്തിക്കുന്നവയാണ്. പ്രധാനപ്പെട്ട ധാരാളം സേവനങ്ങളാണ് കുട്ടികൾക്കും അമ്മമാർക്കും കൗമാരപ്രായത്തിലുള്ള യുവതികൾക്കും ഇവിടെനിന്നും ലഭിക്കുന്നത്. അതിൽ സപ്ലിമെന്ററി ന്യൂട്രീഷൻ, വളർച്ചാനിരീക്ഷണം, ആദ്യകാലശിശുപരിചരണം, വിദ്യാഭ്യാസം,

ഇമ്മ്യൂണൈസേഷൻ, ആരോഗ്യപരിശോധന, പോഷകാഹാരത്തെക്കുറിച്ചുള്ള വിദ്യാഭ്യാസം എന്നീ ആറ് സുപ്രധാന സർവ്വീസുകളാണ് അങ്കണവാടികളിൽ നടക്കുന്നത്. എല്ലാവരുടേയും മണ്ഡലങ്ങളിലെ ഒരു വാർഡിൽ മിനിമം രണ്ട് അങ്കണവാടികളുണ്ടെങ്കിലും പലയിടത്തും വളരെ പരിതാപകരമായ അവസ്ഥയാണുള്ളത്. ഈയടുത്തകാലത്ത് എന്റെ നിയോജകമണ്ഡലത്തിലെ രണ്ട് അങ്കണവാടികളുടെ ഉദ്ഘാടനത്തിന് ഞാൻ പോയിരുന്നു. ബ്ലോക്ക് ഫണ്ടും എം.എൽ.എ. ഫണ്ടുമായി പതിനഞ്ചും ഇരുപതും ലക്ഷം രൂപ ഉപയോഗിച്ച് നിർമ്മിച്ച അങ്കണവാടികൾ ഉദ്ഘാടനം ചെയ്യുമ്പോൾ അവിടെ പ്രവർത്തിക്കുന്ന അങ്കണവാടികളിൽ ആകെ മൂന്നോ നാലോ കുട്ടികളാണുള്ളത്. കുട്ടികളെല്ലാം ഇപ്പോൾ പ്രീ-പ്രൈമറി സ്കൂളുകളിലേക്കാണ് പോകുന്നത്. അതാണ് മാതാപിതാക്കൾക്ക് സൗകര്യം, കാരണം സ്കൂൾ ബസ് വന്ന് മൂത്തകുട്ടി പോകുന്നതിനോടൊപ്പം അങ്കണവാടിയിലുണ്ടായിരുന്ന കുഞ്ഞുകുട്ടിയെക്കൂടി പ്രീ-പ്രൈമറി സ്കൂളിലേക്ക് അയയ്ക്കും. പ്രീ-പ്രൈമറിയിലാകുമ്പോൾ അവർക്ക് ഔപചാരികമായ വിദ്യാഭ്യാസം ലഭിക്കുന്നുവെന്നുള്ള ഒരു ധാരണയുണ്ട്. യഥാർത്ഥത്തിൽ കൊച്ചുകുട്ടികൾ അങ്കണവാടികളിൽ പോകേണ്ടതെന്നാണ് നിയമം അനുശാസിക്കുന്നത്. കുട്ടികൾ അങ്കണവാടിയിൽ പോയി കളിച്ചും

ചിരിച്ചും കാര്യങ്ങൾ പഠിക്കുന്നതിനുപകരം പ്രീ-പ്രൈമറി സ്കൂളിൽ പോയി ഇംഗ്ലീഷ് ആൽഫബെറ്റ്സ് പഠിക്കുന്നത് മാതാപിതാക്കൾ ഭൂഷണമായാണ് കാണുന്നത്. ഇതുകാരണം പ്രത്യക്ഷമായി വലിയ പ്രശ്നങ്ങളില്ലെങ്കിലും ഭാവിതലമുറയിൽ ഇതിന്റെ പ്രശ്നങ്ങളുണ്ടാകുകയാണ്. കാരണം കുട്ടികൾക്ക് സർക്കാർ അനുശാസിക്കുന്ന പല മോണിറ്ററിംഗ് ഇൻഡൈസസുണ്ട്. ഉദാഹരണത്തിന്, ലോകാരോഗ്യ സംഘടന ഓരോ കുട്ടിക്കും ഒരു ഗ്രോത്ത് ചാർട്ട് നിർണ്ണയിച്ചിട്ടുണ്ട്. ഞാൻ എന്റെ മണ്ഡലത്തിലെ അങ്കണവാടികളിലെ ഗ്രോത്ത് ചാർട്ട് പരിശോധിച്ചിരുന്നു. മൂന്നുവയസ്സ് കഴിഞ്ഞ കുട്ടികൾക്ക്, അറുപതുമാസം വരെ, അവരുടെ ഓരോ മാസവുമുള്ള ഹൈറ്റും വെയ്റ്റും ഗ്രോത്ത്ചാർട്ടിൽ മാർക്ക് ചെയ്യണം. പക്ഷേ മൂന്നുവയസ്സ് കഴിഞ്ഞ കുട്ടികളുടെ പലരുടേയും രേഖകൾ അപൂർണ്ണമാണ്. കാരണം ചോദിക്കുമ്പോൾ കുട്ടി ഇപ്പോൾ വരുന്നില്ല; അവർ അങ്കണവാടിയിൽ പോകുന്നതിനുപകരം സ്കൂളിലേക്കുപോയി എന്നാണ് പറയുന്നത്. സർക്കാർ പറയുന്ന അറുപതുമാസം വരെയുള്ള ഗ്രോത്ത്മോണിറ്ററിംഗ് നടക്കുന്നില്ല. അങ്കണവാടിയിൽ വരുന്ന കുട്ടികളുടെ വീട് തൊട്ടടുത്താണെങ്കിൽ അമ്മമാർക്ക് അത് വളരെ സൗകര്യമായിരിക്കും. അമ്മമാർക്കുള്ള ന്യൂട്രീഷനടക്കമുള്ള കാര്യങ്ങളെക്കുറിച്ചുള്ള

പഠനങ്ങളും take home ration അടക്കമുള്ള കാര്യങ്ങളും അവിടെ കൊടുക്കുന്നുണ്ട്. അവർക്ക് കൂടുതൽ ചെക്ക്അപ്പുകൾ നടക്കുന്നുണ്ട്. കുട്ടി പ്രീ-പ്രൈമറിയിൽ പോകുകയാണെങ്കിൽ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിൽ കുട്ടികളുടെ എണ്ണം ചോദിക്കുമ്പോൾ മൊത്തം ഇത്ര കുട്ടികളുണ്ട്, പക്ഷേ ഇരുന്നൂറ് കുട്ടികൾ പ്രീ-പ്രൈമറിയിൽ എന്നാണ് പി.ടി.എ. മറുപടി പറയുന്നത്. ആയമാർക്ക് കൊടുക്കുന്ന ശമ്പളമല്ലാതെ, പ്രീ-പ്രൈമറി കുട്ടികൾക്ക് പോഷകാഹാരത്തിന്റെ കാര്യമെല്ലാം മറ്റ് സംവിധാനങ്ങളിലൂടെയാണ് കണ്ടെത്തുന്നത്. സർക്കാർ ഇത്രയധികം ഫണ്ട് ന്യൂട്രീഷ്യനുവേണ്ടി അനുവദിക്കുന്നത് അങ്കണവാടികളിൽ വേസ്റ്റാവുകയാണ്. കുട്ടികൾ അങ്കണവാടിയിലേക്ക് പോകുന്നുമില്ല. അങ്കണവാടിയിലെ ആയമാരും ടീച്ചർമാരുമൊക്കെ നല്ലരീതിയിൽ പ്രവർത്തിക്കുന്ന ആളുകളാണ്. സ്വന്തം വീട്ടിലെ കുഞ്ഞിനെ നോക്കുന്നതുപോലെ കുട്ടികളെ നോക്കാൻ വീടിന് അയൽവക്കത്ത് അങ്കണവാടിയുള്ളപ്പോൾ അവിടെ കുട്ടികളെ വിടാതിരിക്കുന്നത്, ഹെൽത്ത് ഇഷ്യൂവിലേയ്ക്ക് ഇപ്പോൾ പോകില്ല, ഭാവിയിൽ കുട്ടികളുടെ വളർച്ചയ്ക്ക് വലിയ ഇഷ്യൂ ആകുമെന്നത് മനസ്സിലാക്കിക്കൊണ്ട്, അങ്കണവാടികളെയും ടീച്ചർമാരെയും ശാക്തീകരിക്കാനും അങ്കണവാടിയിൽ

കൂടുതൽ കുട്ടികൾ പോകണമെന്നുള്ള ക്യാമ്പെയിൻ സർക്കാർ തുടങ്ങണമെന്നുള്ളതാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാനാവശ്യപ്പെടുന്നത്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, വളരെ പ്രധാനപ്പെട്ട വിഷയമാണിത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ ജനനസമയം മുതൽ ആറുവയസ്സുവരെയുള്ള കുട്ടികളുടെ എല്ലാതരത്തിലുമുള്ള വളർച്ചയും ഉദ്ദേശിച്ചുകൊണ്ടാണ് സംയോജിത ശിശുവികസനപദ്ധതി ആരംഭിച്ചതും കേരളത്തിൽ മറ്റ് സംസ്ഥാനങ്ങളെക്കാൾ മെച്ചപ്പെട്ട രീതിയിൽ അത് നടപ്പിലാക്കാൻ തുടങ്ങിയതും. അതിന്റെ ഭാഗമായി 33,115 അങ്കണവാടികൾ കേരളത്തിലുണ്ട്. കേരളത്തിലെ അങ്കണവാടികൾ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ മെച്ചപ്പെട്ടവയാണ്. എന്നാൽ ഏകദേശം 9,900-ത്തോളം അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടമില്ലെന്നതായിരുന്നു വസ്തുത. ഈ സർക്കാർ കാലയളവിൽ രണ്ടായിരം അങ്കണവാടികൾക്ക് കെട്ടിടമുണ്ടാക്കാനുള്ള നടപടി സ്വീകരിച്ച് കെട്ടിടമുണ്ടാക്കികൊണ്ടിരിക്കുകയാണ്. വനിത-ശിശുവികസന വകുപ്പിന്റെ മാത്രം ഫണ്ട് ഉപയോഗിച്ച് മുഴുവൻ കെട്ടിടങ്ങളുമുണ്ടാക്കാൻ കഴിയില്ല. അത്രയും

വിഹിതമാണ് കിട്ടുന്നത്. പക്ഷേ സാമൂഹ്യനീതി വകുപ്പ് വനിതാ-ശിശുവികസന വകുപ്പായപ്പോൾ, വനിതാശിശുവികസന വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പ് മാറ്റിവയ്ക്കുന്ന ഫണ്ട്, എം.എൽ.എ. ഫണ്ട് അതുപോലെ നാട്ടിൽനിന്നും കിട്ടുന്ന പൊതുനന്മ ഫണ്ട് തുടങ്ങിയവ ഉപയോഗിച്ച് മുഴുവൻ അങ്കണവാടികൾക്കും കെട്ടിടമുണ്ടാക്കണമെന്നുള്ള നിർദ്ദേശം നമ്മൾ സ്വീകരിച്ചിട്ടുണ്ട്. മാത്രമല്ല, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ അങ്കണവാടികളിലേക്ക് വരേണ്ട സമയത്ത് പ്രീ-പ്രൈമറി സ്കൂളുകളിലേക്ക് കുട്ടികൾ പോകുന്ന അവസ്ഥ വരികയാണ്. ഗവൺമെന്റ് ആരംഭിച്ച സ്കൂളുകളിൽ കുട്ടികൾ കുറവാണ്. പക്ഷേ കൂടുതലായി വരുന്നതും പ്രൈവറ്റ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, നഴ്സറി എന്നിവിടങ്ങളിലാണ്. ഇതിൽ ഏതു വിഭാഗത്തിലായാലും പറഞ്ഞ പ്രശ്നങ്ങൾ ഇവിടെയുണ്ട്. കാരണം അങ്കണവാടികളിലൂടെ കുട്ടികളുടെ വിദ്യാഭ്യാസം മാത്രമല്ല, അവരുടെ പോഷകാഹാരം, സ്വഭാവരൂപീകരണം, രോഗപ്രതിരോധം, വളർച്ചാപഠനം തുടങ്ങിയ കാര്യങ്ങൾക്കാണ് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. അതുകൊണ്ട് ഐ.സി.ഡി.എസ്. പ്രോജക്ട് മുഖേന നടപ്പിലാക്കുമ്പോൾ ഈ പ്രായപരിധിയിലുള്ള കുട്ടികൾ അങ്കണവാടിയിൽ വരുന്നതാണ് ഏറ്റവും ഉചിതമായിട്ടുള്ളത്. മാത്രമല്ല, നമുക്ക് കുട്ടികളെ

സ്കൂളുകളിലേക്ക് പറഞ്ഞയയ്ക്കുന്നതിന്റെ മുന്നൊരുക്കമാണ് അങ്കണവാടിയിൽവച്ച് നടക്കുന്നത്. അതുകൊണ്ട് അങ്കണവാടികൾ കുറച്ചുകൂടി മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞൊരു വസ്തുതയുണ്ട്. മിക്കവാറും അങ്കണവാടികളിലെല്ലാം ധാരാളം കുട്ടികളുണ്ട്. ഇവിടെ ഉത്തരേന്ത്യൻ രീതിയല്ല, കേരളത്തിൽ കൂടുതൽ കുട്ടികളുള്ള അങ്കണവാടികളുണ്ട്. പ്രീ-പ്രൈമറി സ്കൂളുകളിലും പ്രൈവറ്റ് ഇംഗ്ലീഷ് മീഡിയം നഴ്സറി സ്കൂളുകളിലും കുട്ടികൾ പോകുന്നതുകൊണ്ടാണ് ചില അങ്കണവാടികളിൽ കുട്ടികളുടെ എണ്ണം കുറയുന്നത്. അതുപരിഹരിക്കുന്നതിന് അങ്കണവാടികൾ കുറെക്കൂടി മെച്ചപ്പെടുത്തണം. ആരോഗ്യമേഖലയിൽ ആർദ്രം മിഷൻ തുടങ്ങിയതുപോലെ അങ്കണവാടികൾ നവീകരിക്കുന്നതിനുവേണ്ടി മോണ്ടിസോറി മെതേർഡ് പോലെ സ്മാർട്ട് അങ്കണവാടി എന്നൊരു പദ്ധതി ഈ ഗവൺമെന്റ് പ്രഖ്യാപിച്ചുകഴിഞ്ഞു. ആകർഷകമായ ബോധനരീതികളാണ് ഇംഗ്ലീഷ് മീഡിയത്തിലേക്ക് കുട്ടികളെ ആകർഷിക്കുന്നത്. അതിനാൽ ഡെൽഹിയിലുള്ള ജോഡോഗ്യാൻ എന്ന പ്രത്യേക സംഘടനയുടെ പ്രവർത്തനങ്ങളും അവരുടെ ചില ഉപകരണങ്ങളിലൂടെ കുട്ടികളുടെ arithmetic skill, ഭാഷാ സ്കിൽ എന്നിവ വർദ്ധിപ്പിക്കുന്നതിനുള്ള ശാസ്ത്രീയമായ സമീപനങ്ങളുമുണ്ട്. അവരെ

വിളിച്ചുചേർത്ത് ചർച്ച ചെയ്ത് കേരളത്തിന് ചേരുന്ന പ്രത്യേക ബോധനരീതി, അത് പഠിപ്പിക്കലല്ല, കുട്ടികളുടെ സ്വഭാവ രൂപീകരണരീതി എന്നിവ അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ട്. സ്മാർട്ട് അങ്കണവാടിയുടെ മാസ്റ്റർ പ്ലാൻ തയ്യാറായിക്കഴിഞ്ഞു. അങ്കണവാടിയിൽ എന്തൊക്കെ സജ്ജീകരിക്കണം എന്നതിനെക്കുറിച്ച് ധാരണയായിട്ടുണ്ടെങ്കിലും സ്ഥലം വളരെക്കുറവാണ്. വളരെ അപൂർവ്വമായി മാത്രമേ അങ്കണവാടികൾക്ക് പത്ത് സെന്റ് സ്ഥലം കിട്ടാറുള്ളൂ. കൂടുതൽ സ്ഥലം കിട്ടാനില്ല. അഞ്ചുസെന്റിലും മൂന്നുസെന്റിലും പട്ടണപ്രദേശങ്ങളിൽ ഒന്നരസെന്റിലുമാണ് മിക്കവാറും അങ്കണവാടികൾ പ്രവർത്തിക്കുന്നത്. അതുകൊണ്ട് അതിനനുസരിച്ച് ക്രമീകരിക്കേണ്ടി വരികയാണ്. സ്മാർട്ട് പ്ലാനിനുവേണ്ടി പത്ത് സെന്റിനും അഞ്ച് സെന്റിനും മൂന്ന് സെന്റിനും ഒന്നരസെന്റിനും ആവശ്യമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കി പഞ്ചായത്തുകൾക്ക് കൊടുത്തുകഴിഞ്ഞു. ഇനിയുണ്ടാക്കുന്ന അങ്കണവാടികളുടെ ഉള്ളടക്കമെല്ലാം ഒന്നുതന്നെയാണ്. പത്ത്സെന്റാകുമ്പോൾ കുറച്ചുകൂടി സ്ഥലമുണ്ടാകും. അത് വളരെ ആകർഷകമായ കാര്യമാണ്. തിരുവനന്തപുരം കോളേജ് ഓഫ് ആർക്കിടെക്ചറുമായി ബന്ധപ്പെട്ടാണ് പ്ലാൻ രൂപീകരിച്ചിട്ടുള്ളത്. അതിന്റെ ലോഞ്ചിംഗ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി

തിരുവനന്തപുരത്തുവച്ച് നിർവ്വഹിച്ചു. തിരുവനന്തപുരം ജില്ലയിലെ പൂജപ്പുരയിലാണ് അത്തരത്തിലുള്ള സ്മാർട്ട് അങ്കണവാടി ആദ്യം നിർമ്മിക്കുന്നത്. അവിടെയുള്ള പത്തുസെന്റ് സ്ഥലത്ത് തറക്കല്ലിട്ട് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പം ജില്ലകളിൽ ഓരോ അങ്കണവാടി വീതം ആദ്യത്തെ തവണ ആരംഭിക്കാനും പിന്നെ വരുന്ന ഒരു വർഷക്കാലംകൊണ്ട് ഇരുന്നൂറ് അങ്കണവാടികളെങ്കിലും സ്മാർട്ടാക്കി മാറ്റുന്നതിനുമാണ് തീരുമാനിച്ചിട്ടുള്ളത്. അടുത്ത അഞ്ചുവർഷത്തിനുള്ളിൽ ഗവൺമെന്റ് മുഴുവൻ അങ്കണവാടികളെയും സ്മാർട്ടാക്കി മാറ്റുന്ന പ്രവർത്തനമേറ്റെടുക്കണം. സ്മാർട്ട് അങ്കണവാടി പ്രോജക്ടിനോടൊപ്പം രണ്ടായിരത്തിലേറെ അങ്കണവാടികൾക്ക് കെട്ടിടമുണ്ടാക്കാൻ പണം നീക്കിവച്ചിട്ടുണ്ട്. അവിടെയും സ്ഥലം കിട്ടാത്ത ബുദ്ധിമുട്ടുണ്ട്. വലിയ പരിശ്രമം നടത്തിയിട്ടും 865 കെട്ടിടം നിർമ്മിക്കാനുള്ള സ്ഥലം മാത്രമേ കിട്ടിയിട്ടുള്ളൂ. ബാക്കി സ്ഥലത്തിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അടുത്ത അഞ്ചുവർഷത്തിനകം കേരളത്തിലെ മുഴുവൻ അങ്കണവാടികൾക്കും കെട്ടിടമുണ്ടാക്കണം. ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. നാഷണൽ ന്യൂട്രീഷൻ മിഷൻ (പോഷൺ അഭിയാൻ) പദ്ധതി ആരംഭിച്ചതിന്റെ ഭാഗമായി

കേരളത്തിൽ 'സമ്പുഷ്ടകേരളം' പദ്ധതി ലോഞ്ച് ചെയ്തു. മെഗാ പ്രോജക്ടാണത്. എല്ലാ ന്യൂട്രീഷൻ പദ്ധതികളും കേന്ദ്രീകരിച്ച് അങ്കണവാടികളിലൂടെ കുട്ടികൾ, അമ്മമാർ, ഗർഭിണികളായ അമ്മമാർ, മുലയൂട്ടുന്ന അമ്മമാർ, കൗമാരപ്രായക്കാർ എന്നിവരുടെ പോഷകാഹാര പ്രശ്നമാണ് പരിഹരിക്കുന്നത്. ഫോർട്ടിഫൈഡ് ആയിട്ടുള്ള ഭക്ഷണമുൾപ്പെടെ കൊടുക്കാനും ചെക്കപ്പ് കൃത്യമായി നടത്താനും തീരുമാനിച്ച് അതിനാവശ്യമായ ഉപകരണങ്ങൾ വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും സ്മാർട്ട് ഫോൺ നൽകി കുട്ടികളുടെ മുഴുവൻ കാര്യങ്ങളും അതിൽ സേവ് ചെയ്യുന്ന രീതി അവരെ പരിശീലിപ്പിച്ചുകൊണ്ടിരിക്കുകയാണ്. പോഷകാഹാരക്കുറവ്, അയണിന്റെ കുറവ് തുടങ്ങിയവ കൃത്യമായി പരിശോധിക്കുന്ന ഒരു ബൃഹത്തായ പദ്ധതിയാണ് സമ്പുഷ്ട കേരളം പദ്ധതി. അത് ലോഞ്ച് ചെയ്തുകഴിഞ്ഞു. സമ്പുഷ്ട കേരളം പദ്ധതിയും സ്മാർട്ട് അങ്കണവാടി പദ്ധതിയും ഒത്തുചേർന്ന് പോകുമ്പോൾ കുറേയേറെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കും. പ്രൈമറി സ്കൂളിലേക്ക് പോകുന്ന കുട്ടികളെ അങ്കണവാടിയിലേക്ക് തന്നെ ആകർഷിച്ച് എത്തിക്കണം. അതുപോലെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞിട്ടുള്ള എല്ലാ ഘടകങ്ങളും വളർച്ച, പോഷകാഹാരക്കുറവ് പരിഹരിക്കൽ, സ്വഭാവ

രൂപീകരണം, ഭാഷാ സ്കിൽ, എന്നിവ നല്ലരീതിയിൽ നടത്തണം. അതൊന്നും ഒന്നാം ക്ലാസ്സിൽ പഠിപ്പിക്കുന്നപോലെ പഠിപ്പിക്കാൻ പാടില്ല. അതിനൊരു പ്രത്യേക രീതിയുണ്ട്. കളികളിലൂടെയും അതുപോലെ ഇടപെടലുകളിലൂടെയും അവരുടെ ജീവിതത്തിനാവശ്യമായ സ്കില്ലുകൾ വളർത്തുന്നതിനാവശ്യമായ കാര്യങ്ങളാണ് അങ്കണവാടികളിൽ നടക്കേണ്ടത്. ഒരർത്ഥത്തിൽ കേരളത്തിലെ അങ്കണവാടികളിലെ പ്രവർത്തനങ്ങൾ ആകെ പരിഷ്കരിക്കുകയാണ്. എല്ലാ എം.എൽ.എ.-മാരും ഈ പദ്ധതിയുമായി യോജിച്ച് അവരവരുടെ നിയോജകമണ്ഡലത്തിലെ അങ്കണവാടികൾ സ്മാർട്ടാക്കി മാറ്റുന്നതിന് നേതൃത്വം കൊടുക്കാനും അതുപോലെ സമ്പുഷ്ട കേരളം പദ്ധതി വിജയിപ്പിക്കാനും പരിശ്രമിച്ചാൽ വലിയ റിസൽട്ട് നമുക്കുണ്ടാക്കിയെടുക്കാൻ സാധിക്കും. ഇത്തരത്തിലുള്ള ഒരു ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചതിന് ഞാൻ പ്രത്യേകിച്ചും അഭിനന്ദിക്കുകയാണ്. കാരണം വളരെ പ്രധാനപ്പെട്ടൊരു വിഷയമാണിത് എന്നതുകൊണ്ടുതന്നെ നമുക്ക് എല്ലാവർക്കും ഒത്തൊരുമിച്ച് ഇതിനുവേണ്ടി പരിശ്രമിക്കാം.

ശ്രീ. കെ. എസ്. ശബരീനാഥൻ: സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് സാമൂഹ്യനീതി വകുപ്പും വനിതാ-ശിശു വികസന വകുപ്പും ആയതിനുശേഷം

പലപ്പോഴും സൂപ്പർവൈസർമാരും സി.ഡി.പി.ഒ.- മാരും പറയുന്ന പരാതി, രണ്ട് വകുപ്പുകളിലും താഴെത്തട്ടിലുള്ള ജോലികൾ ചെയ്തുകൊണ്ടിരിക്കുന്നത് ഇവരും അങ്കൺവാടി ടീച്ചർമാരുമാണെന്നാണ്. വർക്ക് ലോഡ് കൂടുന്നതുമൂലം ഇവർക്ക് അതിന്റേതായ ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. ജീവനക്കാരുടെ എണ്ണവും കുറവാണ്. അതുകൊണ്ട് വകുപ്പിനെ വിഭജിച്ചതുമായി ബന്ധപ്പെട്ട് താഴേത്തട്ടിലും പഞ്ചായത്ത് തലത്തിലും ബ്ലോക്ക് തലത്തിലുമുള്ള പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. ആർ. രാജേഷ്</u>: സർ, ഇതുമായി ബന്ധപ്പെട്ട് ഒരു സംശയമുണ്ട്. ഇപ്പോൾ ഒരു ഗവൺമെന്റ് സർക്കുലർ വന്നിട്ടുള്ളത് പത്ത് സെന്റ് സ്ഥലമുള്ള സ്ഥലത്ത് അങ്കണവാടി സ്മാർട്ട് ആക്കി മാത്രമേ നിർമ്മിക്കാവൂ എന്നാണ്. ചില സ്ഥലത്ത് ബ്ലോക്ക് പഞ്ചായത്തോ എം.എൽ.എ.-യോ പത്തോ പതിനഞ്ചോ ലക്ഷം രൂപ കൊടുത്താൽ അങ്കണവാടി സ്മാർട്ട് അല്ലാതെ നിർമ്മിക്കാനുള്ള അനുമതി ഗവൺമെന്റ് നൽകുമോ? എന്റെ മണ്ഡലത്തിൽ പത്ത് സെന്റ് ഉള്ള അങ്കണവാടി സ്മാർട്ട് ആക്കുന്നതിനുവേണ്ടി കഴിഞ്ഞ വർഷം തന്നെ 19 ലക്ഷം രൂപ മാറ്റിവച്ചിട്ടുണ്ട്. അതിന് അനുമതി നൽകണം. സ്മാർട്ട് അല്ലാതെയും നിർമ്മിക്കാനുള്ള അനുമതി നൽകുമോ എന്നതാണ് എന്റെ സംശയം.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: ഇതിലൊരു നിർബന്ധബുദ്ധിയില്ല. അതായത് നമ്മൾ ഇങ്ങനെയാക്കി മാറ്റണമെന്ന ഒരു കൺസെപ്റ്റ് ജനങ്ങളിലേക്ക് എത്തിക്കുകയാണ്. പ്രൈമറി ഹെൽത്ത് സെന്റർ (പി.എച്ച്.സി.)-കളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റിയിട്ടുണ്ട്. അതുപോലെ, ഒരു മോഡൽ കൊടുത്താൽ ആ മോഡൽ അനുസരിച്ച് എല്ലാം പൊളിച്ചുകളഞ്ഞിട്ട് പുതിയൊരു കെട്ടിടം പണിയുകയല്ല, മറിച്ച് നിലവിലുള്ളതിനെ അങ്ങനെതന്നെ നിലനിർത്തുകയും പുതിയത് നിർമ്മിക്കുമ്പോൾ ഈ കൺസെപ്റ്റിൽ നിർമ്മിക്കുകയുമാണ് ചെയ്യേണ്ടത്. കേരള ഗവൺമെന്റിൽനിന്നുള്ള വിഹിതം മാത്രം നമുക്ക് എല്ലാത്തിനും തികയില്ല. അതിനാൽ സ്വീകരിക്കാവുന്ന വിവിധ മാർഗ്ഗങ്ങളുണ്ട്. വനിതാ ശിശു വികസന വകുപ്പ് കൊടുക്കുന്ന പണം, അതുപോലെ പഞ്ചായത്ത് വയ്ക്കുന്ന വിഹിതം, അവർക്ക് വയ്ക്കാവുന്നതേ വയ്ക്കാൻ പറ്റുള്ളൂ, അതുപോലെ നാട്ടിലെ ഒരുപാട് ധനികരിൽനിന്നും നമ്മൾ പരിശ്രമിച്ചാൽ ഇതിന് സ്പോൺസർഷിപ്പ് കിട്ടും. അങ്ങനെ ഇതെല്ലാം ചേർന്ന് ഇത്ര രൂപ എന്നുള്ളതല്ല, ഈ കൺസെപ്റ്റിൽ നിങ്ങളുടെ അങ്കണവാടി മാറ്റണമെന്നതാണ് പ്രധാനം. ചിലയിടത്ത് അതൊരു 15 ലക്ഷം രൂപ കൊണ്ട് സാധിക്കും. കാരണം കെട്ടിടം

അവിടെ നിലവിലുണ്ട്. ചിലയിടത്ത് 20 ലക്ഷം രൂപ ചെലവാക്കേണ്ടി വരും. ഈ കിട്ടുന്ന പണത്തിന്റെ ബാക്കി സ്വരൂപിച്ച് ഇങ്ങനെയാക്കി മാറ്റാൻ സാധിക്കും. അത് എല്ലാവരും ശ്രമിച്ചാൽ നടക്കുന്ന കാര്യവുമാണ്. പത്ത് സെന്റ് സ്ഥലം ഉള്ളിടത്ത് അപേക്ഷിച്ചാൽ നമുക്ക് ഇതുപോലെയാക്കി മാറ്റാവുന്നതാണ്. ഇവിടെ ശ്രീ. കെ. എസ്. ശബരീനാഥൻ ചോദിച്ചിട്ടുള്ളത് ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. കാരണം ഡിപ്പാർട്ട്മെന്റ് വിഭജിക്കുമ്പോൾ രണ്ട് മൂന്ന് കൊല്ലക്കാലത്തേക്ക് നിലനിൽക്കുന്ന ഒരു വിഷയമാണത്. പക്ഷേ അത് ഏറ്റവും എളുപ്പത്തിൽ പരിഹരിക്കാൻ ശ്രമിക്കുകയാണ്. ഇപ്പോൾ കുറേ പ്രശ്നങ്ങൾ പരിഹരിച്ചുകഴിഞ്ഞു. കാരണം ഒരു ഡിപ്പാർട്ട്മെന്റിലെ സ്റ്റാഫ് മുഴുവൻ രണ്ടായി പോകുമ്പോൾ അവരെ പുനർവിന്യസിക്കുന്ന ഒരു രീതിയുണ്ട്. അവരുടെ ഓപ്ഷൻ ക്ഷണിക്കണം, അതുപോലെ മറ്റ് കാര്യങ്ങളൊക്കെയുണ്ട്. അത് ജില്ലാതലം വരെ ശരിയായിക്കഴിഞ്ഞു. ജില്ലാതലത്തിന് താഴെ നേരത്തെയുള്ള ഐ.സി.ഡി.എസ്. വിഭാഗം തന്നെയാണ് ഇപ്പോൾ സോഷ്യൽ ജസ്റ്റിസ് ഡിപ്പാർട്ട്മെന്റിന്റെ ചില കാര്യങ്ങൾ കൂടി ചെയ്യുന്നത്. അത് എന്തായാലും പരിഹരിച്ചുവരികയാണ്. ഒരു വർഷംകൊണ്ട് പൂർണ്ണമായും പരിഹരിക്കാൻ സാധിക്കും. പിന്നെ ഇവരുടെ വർക്ക് ലോഡ് ഒഴിവാക്കാനാണ് ഈ പറയുന്ന

പ്രത്യേക മൊബൈൽ ഫോൺ സംവിധാനവും പത്ത് പന്ത്രണ്ട് റെക്കോർഡുകൾ എഴുതാനുള്ളത് ചുരുക്കി അതൊരു ഇലക്ട്രോണിക് സംവിധാനത്തിലാക്കി മാറ്റാനുള്ള സംവിധാനവുമൊക്കെയാണ് നടപ്പാക്കിയിട്ടുള്ളത്. കുറേ പരിഹരിച്ചുകഴിഞ്ഞു. എന്തായാലും ഈ ഒരു വർഷത്തിനുള്ളിൽ ആ പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കാൻ കഴിയും.